**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കണ്ണൂർ ജില്ല – പരിയാരം ഗ്രാമപഞ്ചായത്ത് - ചുടല കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സബ് സെക്ഷൻ ഓഫീസ് - പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2678/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02/08/2017

പരാമർശം:- പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15/02/2017 ലെ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിൽ ചുടല കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സബ് സെക്ഷൻ ഓഫീസ്, 2 വർഷത്തേക്ക് വാടക പഞ്ചായത്തിൽ നിന്ന് അനുവദിക്കുമെന്ന ധാരണയിൽ, പരിയാരം വില്ലേജിൽ റി.സ.9/36 ഉൾപ്പെടുന്ന ശ്രീ. പണിക്കൽ പുരയിൽ ശ്രീധരന്റെ ഉടമസ്ഥതയിലുള്ള PP XXII ൽ 362, 363, 364 നമ്പർ കെട്ടിടങ്ങളിൽ 07.06.2010 മുതൽ പ്രവർത്തിച്ചു വരുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, പരിയാരം കെട്ടിടങ്ങളുടെ പ്രതിമാസ വാടക 6666/- രൂപ നിശ്ചയിച്ച് ആയത് പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും, 07.06.2010 മുതൽ 2 വർഷത്തേക്കുള്ള വാടക 159984/- രൂപ (ഒരു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ മാത്രം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ യഥേഷ്ടാനുമതി നൽകണമെന്നുമാണ് പരാമർശ കത്ത് പ്രകാരം പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചത്.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പരിയാരം ഗ്രാമപഞ്ചായത്തിൽ ചുടല കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സബ് സെക്ഷൻ ഓഫീസിന്റെ വാടക 07.06.2010 മുതൽ 2 വർഷത്തേക്ക് 159984/- (ഒരു ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ മാത്രം) രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്, പീടികക്കണ്ടി, തവനൂർ പി.ഒ, മലപ്പുറം - 673641
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.